भारतीय गैर न्यायिक

बीस रुपये

रु.20

भारत

सत्यमेव जयते

INDIA

Rs.20

TWENTY RUPEES

INDIA NON JUDICIAL

GOVERNMENT OF KERALA
REVALIDATED TO
Rs. 100
(ONE HUNDRED RUPEES)

കേരളം केरल KERALA

27AA 109793

## വാടക കരാർ

രണ്ടായിരത്തി ഇരുപത്തിനാലാമാണ്ട് സെപ്റ്റംബർ മാസം ഒന്നാം തീയതി (01-09-2024); എറണാകുളം ജില്ലാ, കണയന്നൂർ താലൂക്ക്, പൂണിത്തുറ വില്ലേജ്, വൈറ്റില. പി. ഓ, പിൻ 682019, വൈറ്റില ദേശത്ത്, ജനത റോഡിൽ, ലെയിൻ നമ്പർ 45-ൽ, വടക്കേ കുരികയിൽ വി.എസ്. ആന്റണി മകൻ 51 വയസ്സ് **ബിജു ആന്റണി** ഒന്നാം പാർട്ടിയായും; ഇന്റർസൈറ്റ് ഹോളിഡേയ്സ് പ്രൈവറ്റ് ലിമിറ്റഡിന് വേണ്ടി മാനേജിങ് ഡയറക്ടർ എറണാകുളം ജില്ലാ, കണയന്നൂർ താലൂക്ക്, വാഴക്കാല വില്ലേജ്, വാഴക്കാല ദേശത്ത്, വെട്ടിക്കാട്ട് വീട്ടിൽ (നമ്പർ 11/315ബി) വർഗ്ഗീസ് മകൻ 71 വയസ്സ് **എബ്രഹാം ജോർജ്** രണ്ടാം പാർട്ടിയായും; ചേർന്ന് എഴുതിയ വാടക കരാർ.

ഒന്നാം പാർട്ടി **ബിജു ആന്റണി**..........................................................

രണ്ടാം പാർട്ടി ഇന്റർസൈറ്റ് ഹോളിഡേയ്സ് പ്രൈവറ്റ് ലിമിറ്റഡിന് വേണ്ടി മാനേജിങ് ഡയറക്ടർ **എബ്രഹാം ജോർജ്**

..........................................................

No. 5646 Intensight Holidays
30.08.2024 Private Limited, Vyttila

പുളിക്കുന്ന് വെണ്ടർ
ഉണ്ണികൃഷ്ണൻ നായർ. സി

भारतीय गैर न्यायिक

भारत

बीस रुपये

रु.20

Rs.20

TWENTY RUPEES

सत्यमेव जयते

INDIA

INDIA NON JUDICIAL

GOVERNMENT OF KERALA
REVALIDATED TO
Rs. 100
(ONE HUNDRED RUPEES)

കേരളം केरल KERALA

27AA 109792



ഒന്നാം പാർട്ടി വകയും, ഒന്നാം പാർട്ടിയുടെ കൈവശത്തിലും, കരം തീരുവയിലും, ഇരുന്നു വരുന്നതും ഒന്നാം പാർട്ടിയ്ക്ക് പൂർണ്ണാവകാശ പ്പെട്ടതുമായ പൂണിത്തുറ വില്ലേജ്, വൈറ്റില ദേശത്ത്, തൈക്കൂടം എൻ.എച്ച് ബൈപാസ്സിൽ സ്ഥിതി ചെയ്യുന്നതുമായ അന്നാ ബിൽഡിങ്ങിലെ സി.സി. 52/380A3 എന്ന നമ്പറായിട്ടുള്ള കെട്ടിടം പ്രതിമാസം Rs 58,500.00 (അമ്പത്തിയെണ്ണായിരത്തി അഞ്ഞൂറ് രൂപ) വീതം വാടക തരാമെന്നു സമ്മതിച്ച് രണ്ടാം പാർട്ടിയ്ക്ക് ഇന്റർസൈറ്റ് ഹോളിഡേയ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ബിസിനസ് ആവശ്യത്തിലേയ്ക്കായി ഇന്ന് മുതൽ പതിനൊന്ന് മാസക്കാലത്തേയ്ക്ക് മാത്രമായി ഒന്നാം പാർട്ടിയിൽ നിന്നും രണ്ടാം പാർട്ടി വാടകയ്ക്ക് ഏറ്റു വാങ്ങിയിരിക്കുന്നു.

ഒന്നാം പാർട്ടി **ബിജു ആന്റണി**........................................................................

രണ്ടാം പാർട്ടി **എബ്രഹാം ജോർജ്**........................................................................

No 5645
30.08.2024

Dir Intersight Holidays Private Limited, Vyttila.

ടി വാടകയുടെയും മറ്റും കൂടുതൽ ഉറപ്പിലേക്കായി കാലാവധിക്കുശേഷം പലിശ കൂടാതെ തിരിച്ചു കൊടുക്കാമെന്ന വ്യവസ്ഥയിൽ അഡ്വാൻസായി Rs **10,00,000. 00** (പത്തു ലക്ഷം രൂപാ) രണ്ടാം പാർട്ടിയിൽ നിന്നും ഒന്നാം പാർട്ടി കൈപ്പറ്റിയിട്ടുള്ളതും ആയതിന് രണ്ടാം പാർട്ടി രസീത് വാങ്ങിച്ചിട്ടുള്ളതുമാകുന്നു. ടി വാടകയ്ക്കും പുറമെ ടി കെട്ടിടത്തിൽ രണ്ടാം പാർട്ടി ഉപയോഗിക്കുന്നതിനനുസരിച്ചുള്ള കറന്റ് ചാർജ് ആയതിന്റെ ബിൽ വരുന്നതനുസരിച്ച് ബന്ധപ്പെട്ട അതോറിറ്റിയിൽ രണ്ടാം പാർട്ടി അടച്ച് ആയതിന്റെ രസീത് രണ്ടാം പാർട്ടി ഒന്നാം പാർട്ടിയെ ഏല്പിക്കേണ്ടതാകുന്നു.

വാടക എല്ലാ മാസവും ഒന്നാം തീയതിക്കകമായി രണ്ടാം പാർട്ടി ഒന്നാം പാർട്ടിയ്ക്ക് രൊക്കം കൊടുത്ത് ബോധ്യപ്പെടുത്തേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ വാടക കൊടുക്കാതെ മുടക്കം വരുത്തിയാൽ മുടക്കം വരുത്തുന്ന വാടകയ്ക്ക് മാസത്തിൽ നൂറ്റിയ്ക്ക് ഒന്ന് വീതം കൂടുന്ന പലിശ സഹിതം രണ്ടാം പാർട്ടി ഒന്നാം പാർട്ടിയ്ക്ക് കൊടുക്കേണ്ടതും, വാടക തുടർച്ചയായി മുടക്കം വരുത്തിയാൽ ഒന്നാം പാർട്ടിയ്ക്ക് തോന്നുന്ന പക്ഷം കാലാവധി പരിഗണിക്കാതെ ടി കെട്ടിടം രണ്ടാം പാർട്ടിയിൽ നിന്നും ഒഴിപ്പിച്ചെടുക്കുന്നതിന് ഒന്നാം പാർട്ടിയ്ക്ക് എല്ലാവിധ അധികാരാവകാശങ്ങൾ ഉണ്ടായിയിരിക്കുന്നതും അപ്രകാരം ഒഴിഞ്ഞു കൊടുക്കുവാൻ രണ്ടാം പാർട്ടി ബാധ്യസ്ഥനുമായിരിക്കും.

കാലാവധി തികയുന്നതോടുകൂടി അതേവരെയുള്ള വാടകയുടെ കണക്കുകൾ നോക്കി രണ്ടാം പാർട്ടിയിൽ നിന്നും വല്ല സംഖ്യയും വരുവാനുണ്ടായിരുന്നാൽ ആ വക സകല സംഖ്യയും അഡ്വാൻസ് സംഖ്യയിൽ തട്ടിക്കിഴിച്ചും പോരാതെ വന്നാൽ രണ്ടാം പാർട്ടിയുടെ കൈയാലും ഒന്നാം പാർട്ടിയ്ക്ക് കൊടുത്ത് യാതൊരു തർക്കവും പറയാതെ ടി കെട്ടിടം ഒന്നാം പാർട്ടിയ്ക്ക് ഒഴിഞ്ഞു കൊടുക്കേണ്ടതാണ്.

ടി കെട്ടിടത്തിന്റെ ഇപ്പോഴുള്ള വിസ്തീർണം മുതലായതുകൾക്കോ മറ്റോ എന്തെങ്കിലും മാറ്റം വരുത്തുവാനോ, പുതിയ പണികൾ ചെയ്യുന്നതിനോ, ടി കെട്ടിടം കീഴ്‌വാടകയ്ക്കു കൊടുക്കുന്നതിനോ, അന്യ കൈമാറ്റം ചെയ്യുന്നതിനോ, ടി കെട്ടിടം നിയമവിരുദ്ധമായ പ്രവർത്തനങ്ങൾക്ക് ഉപയോ

ഒന്നാം പാർട്ടി **ബിജു ആന്റണി**..........................................................................

രണ്ടാം പാർട്ടി **എബ്രഹാം ജോർജ്**..........................................................................

ഗിക്കുവാനോ, ടി കെട്ടിടത്തിൽ നിയമവിരുദ്ധമായ വസ്തുക്കൾ സൂക്ഷിക്കുവാൻ പാടുള്ളതല്ലെന്നും, ടി കെട്ടിടം രണ്ടാം പാർട്ടിയ്ക്ക് മേൽപ്പറഞ്ഞ ആവശ്യത്തിനല്ലാതെ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനോ, രണ്ടാം പാർട്ടിയ്ക്ക് അവകാശമോ അധികാരമോ ഉണ്ടായിരിക്കുന്നതല്ല.

അപ്രകാരം തന്നെ രണ്ടാം പാർട്ടി ടി കെട്ടിടവും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതും രണ്ടാം പാർട്ടിയുടെ ഉപയോഗാർത്ഥം ഉണ്ടാകുന്ന വേസ്റ്റുകൾ രണ്ടാം പാർട്ടിയുടെ ഉത്തരവാദിത്വത്തിലും ചിലവിലും മാറ്റേണ്ടതും, കാലാവധി കഴിയുന്ന മുറയ്ക്ക് ടി കെട്ടിടം ഇപ്പോൾ തന്ന അവസ്ഥയിൽ തന്നെ വൃത്തിയായി തിരിച്ചു നൽകേണ്ടതുമാകുന്നു. അപ്രകാരം ചെയ്യാതെ രണ്ടാം പാർട്ടി വീഴ്ച്ച വരുത്തിയാൽ അതുമൂലം ഒന്നാം പാർട്ടിയ്ക്ക് ഉണ്ടാകുന്ന ചിലവുകൾക്ക് വരുന്ന തുക, മേൽപ്പറഞ്ഞ അഡ്വാൻസ് സംഖ്യയിൽ നിന്നും ഈടാക്കുന്നതും, ആയതു തികയാതെ വന്നാൽ രണ്ടാം പാർട്ടിയുടെ കയ്യിനാൽ ഒന്നാം പാർട്ടിയ്ക്ക് നൽകേണ്ടതുമാകുന്നു.

കാലാകാലങ്ങളിൽ ടി കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ നടത്തുന്നതിനും മറ്റാവശ്യങ്ങൾക്കായി ഒന്നാം പാർട്ടിക്കോ, ടിയാന്റെ അവകാശികൾക്കോ, ഏജന്റിനോ ടി കെട്ടിടത്തിൽ പരിശോധന നടത്തുന്നതിന് അധികാര അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്. മേൽപ്പറഞ്ഞ കെട്ടിടത്തിനോ മറ്റു സാധനസാമഗ്രികൾക്കോ, ഇലക്ട്രിക്, വാട്ടർ സാനിറ്ററി ഫിറ്റിങ്ങുകൾക്കോ രണ്ടാം പാർട്ടിയുടെ സൂക്ഷ്മക്കുറവോ അജാഗ്രതയോ കൊണ്ട് വല്ല നാശമോശങ്ങളോ കേടുപാടുകളോ സംഭവിച്ചാൽ ആയതിനെല്ലാം ഒന്നാം പാർട്ടി നിശ്ചയിക്കുന്ന ന്യായമായ നഷ്ടപരിഹാരം തന്നുകൊള്ളാമെന്നും രണ്ടാം പാർട്ടി സമ്മതിച്ചിരിക്കുന്നു.

ടി കാലാവധിക്ക് മുൻപേ ടി കെട്ടിടം ഒഴിഞ്ഞു കിട്ടേണ്ടതായി ഒന്നാം പാർട്ടിക്കും, ഒഴിയേണ്ടതായി രണ്ടാം പാർട്ടിക്കും ആവശ്യം വന്നാൽ ആ വിവരം ഒരു മാസത്തെ മുൻകൂർ നോട്ടീസ് മൂലം പരസ്പരം അറിയിക്കേണ്ടതും, അപ്രകാരം അറിയിപ്പ് കിട്ടുന്ന പക്ഷം നോട്ടീസിൽ പറയും പ്രകാരം പ്രവർത്തിക്കേണ്ടതുമാകുന്നു. കാലാവധി കഴിയുന്ന സമയം അഡ്വാൻസായി

ഒന്നാം പാർട്ടി **ബിജു ആന്റണി**..........................................................

രണ്ടാം പാർട്ടി **എബ്രഹാം ജോർജ്**..........................................................

രണ്ടാം പാർട്ടിയിൽ നിന്നും ഒന്നാം പാർട്ടി കൈപ്പറ്റിയ Rs 10,00,000.00 (പത്തു ലക്ഷം രൂപ) രണ്ടാം പാർട്ടി ഒന്നാം പാർട്ടിയിൽ നിന്നും തിരികെ കൈപ്പറ്റിയാതൊരു തർക്കവും പറയാതെ ടി കെട്ടിടത്തിൽ നിന്നും ഒഴിഞ്ഞു മാറേണ്ടതാകുന്നു.

ഈ വാടകക്കരാർ ഉപയോഗിച്ച് രണ്ടാം പാർട്ടി മേൽപ്പറഞ്ഞ സ്ഥാപനത്തിന്റെ ആവശ്യത്തിനുവേണ്ടി കോർപ്പറേഷനിൽ നിന്ന് ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയത് ഈ വാടകക്കരാറിന്റെ കാലാവധി തികയുന്ന സമയത്തു് റദ്ദാക്കി ടി കെട്ടിടം തിരികെ ഏൽപ്പിച്ചു കൊള്ളാമെന്നും രണ്ടാം പാർട്ടിയും പരസ്പരം പറഞ്ഞ് ഉത്തമവിശ്വാസപ്പെടുത്തുകയും പൂർണമായി സമ്മതിക്കുകയും ചെയ്തിരിക്കുന്നു.

മേൽപ്പറഞ്ഞ നിശ്ചയങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാതെ വല്ല വ്യവഹാരത്തിനോ മറ്റോ രണ്ടാം പാർട്ടി ഇടവരുത്തിയാൽ ഈ വാടകക്കരാറിനെ ആസ്പദമാക്കി ഒന്നാം പാർട്ടിയ്ക്ക് നേരിടുന്ന കോടതി ചിലവ് മുതലായ സകല നഷ്ടസംഖ്യകൾക്കും രണ്ടാം പാർട്ടിയും അഡ്വാൻസ് സംഖ്യയും ടിയാൻ വക ഇതര സ്വത്തുക്കളും ഒരുപോലെ ഉത്തരവാദിയായിത്തീരുന്നതാണെന്നും സമ്മതിച്ചും താഴെ എഴുതുന്ന സാക്ഷികൾ കാണെ ഇതിൽ ഒപ്പിട്ട് ഇതിന്റെ അസ്സൽ ഒന്നാം പാർട്ടിയും, ഫോട്ടോസ്റ്റാറ് കോപ്പി രണ്ടാം പാർട്ടിയും സൂക്ഷിക്കുന്നതാകുന്നു.

ഒന്നാം പാർട്ടി **ബിജു ആന്റണി**............................................................

രണ്ടാം പാർട്ടി **എബ്രഹാം ജോർജ്**............................................................

സാക്ഷികൾ

1. ഷാജി.വി.എൻ, രാധാലയം കാവാലം..........................
2. റോയ്.പി.എം, പുത്തൻകളപ്പുരക്കൽ..........................
   പുത്തൻകുരിശ്

ഇതു കമ്പ്യൂട്ടർ പ്രിന്റ് ആകുന്നു. വെട്ടിത്തിരുത്തില്ല